പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2697 **28-10-2026-ൽ മറുപടിയ്ക്ക്**

ജലാശയങ്ങളിലെ ജലത്തിന്റെ ഗുണനിലവാരമുറപ്പാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ ജലാശയങ്ങൾ വലിയ തോതിൽ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. നദികളിലും മറ്റ് പ്രധാന കൈവഴികളിലും ജലസേചനവകുപ്പ് നിർമ്മിച്ചിട്ടുള്ള വിവിധ നിർമ്മിതികൾക്കടുത്തായി അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം കാലാകാലങ്ങളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നിർവ്വഹിച്ച് വരുന്നു. എന്നാൽ, നഗരവൽകരണം, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലും,വളങ്ങൾ/കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നതിലും വന്നമാറ്റം ജലമലിനീകരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ ഓടകൾ കൂടുതലും ജലസ്രോതസ്സുകളിലാണ് എത്തിച്ചേരുന്നത് എന്നതുകൊണ്ട് തന്നെ, ശുചീകരിക്കപ്പെട്ട നദീഭാഗങ്ങൾ വളരെ വേഗം തന്നെ വീണ്ടും മലിനീകരിക്കപ്പെടുന്ന പ്രവണതയാണുള്ളത്.ജനപങ്കാളിത്തത്തോടും വകുപ്പുകളുടെ ഏകോപനത്തോടും കൂടി ജലസ്രോതസ്സുകൾ ഒരു പരിധി വരെ മാലിന്യമുക്തമാക്കി സൂക്ഷിക്കുവാൻ സാധിക്കുന്നതാണ്.

പ്രസ്തുത വിഷയം കേരള ജല അതോറിറ്റിയുടെ നേരിട്ടുള്ള അധികാര പരിധിയിൽ വരുന്നതല്ല, എന്നിരുന്നാലും കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളായ ജലാശയങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള മലിനീകരണ സാധ്യത ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ബന്ധപ്പെട്ട പോലീസ്, തദ്ദേശസ്വയംഭരണ, റവന്യൂ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ബി) മത്സ്യ മാംസ മാലിന്യങ്ങളും ശുചിമുറി മാലിന്യങ്ങളും വ്യാപകമായി നമ്മുടെ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് മൂലം പലവിധ പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും പിടിപെടുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും പ്രതിരോധിക്കുന്നതും നിയന്ത്രിക്കുന്നതും ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പരിധിയിൽ വരുന്ന വിഷയമാണ്. എങ്കിലും, ജലസ്രോതസ്സുകളിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിനും ജലശുദ്ധി നിലനിർത്തുന്നതിനും ജലസേചന വകുപ്പ് ആവശ്യമായ പിന്തുണ നൽകിവരുന്നുണ്ട്.

കൂടാതെ കേരള ജല അതോറിറ്റിയുടെ കുടിവെള്ള വിതരണ പദ്ധതികളുടെ സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധിച്ചുവരുന്നു. ശാസ്ത്രീയമായ ശുദ്ധീകരണവും ക്ലോറിനേഷനും ഉറപ്പാക്കിയ ശേഷമാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. വിതരണ ശൃംഖലയുടെ വിവിധ ഭാഗങ്ങളിൽ, വാലറ്റങ്ങളിൽ ഉൾപ്പെടെ, അവക്ഷിപ്ത ക്ലോറിന്റെ അളവ് പരിശോധിച്ച് ആവശ്യമായ അണുനശീകരണം ഉറപ്പാക്കുന്നുണ്ട്. കൂടാതെ, ആവശ്യമായ സാഹചര്യങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നു. ജലസ്രോതസ്സുകളിലെ മലിനീകരണം കുടിവെള്ളത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ പരിശോധനകളും ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ഏകോപനവും നടത്തുന്നതാണ്.

(സി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ജലസംരക്ഷണ ബോധവത്ക്കരണവും കുറ്റക്കാർക്കെതിരെ കടുത്ത ജാഗ്രതാ ശിക്ഷണ നടപടികളും സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

മറുപടി: ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നേരിട്ട് നടപടിയെടുക്കുവാനും പിഴ ചുമത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും അധികാരമുണ്ട്. കൂടാതെ, 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷയും പിഴയും വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തുകയുണ്ടായി (2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമം). പ്രസ്തുത ഭേദഗതി പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. കുറ്റം തെളിഞ്ഞാൽ മൂന്ന് വർഷം വരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ശിക്ഷയായി ലഭിക്കുന്നതാണ്.ഇത്തരം നിയമങ്ങൾ നിലവിലുണ്ടെന്ന പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങളും ജലസ്രോതസ്സുകൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിന് ജനപങ്കാളിത്തവും പൗരബോധവും വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ